കേരള സർക്കാർ

.

# ആവോലി ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം(പി8)123/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,<br>
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം<br>
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203<br>
ഫോൺ : 0484 2422271<br>
ഇ മെയിൽ : doekm.ksad@kerala.gov.in


**തീയതി : 14-02-2020**

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)<br>
**ആവോലി ഗ്രാമ പഞ്ചായത്ത്**

സർ,

വിഷയം : **ആവോലി** ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് സംബന്ധിച്ച് റിപ്പോർട്ട് -

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ആവോലി ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :<br>
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)<br>
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ<br>
3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.- ഇകെ.എം. (പി8 ) 123/2019 തിയ്യതി:14.02.2020

## <u>എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ</u>

## <u>2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

## <u>ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ **ആവോലി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018മുതൽ 31.12.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ്.കെ.കെ. | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.01.2020മുതൽ 30.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സുധജേക്കബ്ബ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അജിമോൻ.പി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.യോഗേഷ്.ആർ | ഓഡിറ്റർ |
| | ശ്രീമതി.സ്വപ്ന.വി | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.ജോർഡി.എൻ.വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി.സുഹറ സിദ്ധിക്ക് | 01.04.2018 മുതൽ 12.11.2018 വരെ |
| | | ഒഴിവ് | 13.11.2018 മുതൽ 27.12.2018 വരെ |
| | | ശ്രീമതി.ബൽക്കീസ് റഷീദ് | 28.12.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.എം.കെ.അജി. | 01.04.2018 മുതൽ 12.11.2018 വരെ |
| | | ഒഴിവ് | 13.11.2018മുതൽ 30.12.2018 വരെ |
| | | ശ്രീ.മുഹമ്മദ് അയൂബ്ഖാൻ | 31.12.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി.സിനി സത്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി | : | ശ്രീ.മനോജ്.പി.റ്റി. | 01.04.2018 മുതൽ 27.01.2019 വരെ 28.01.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ.എം.സുരേഷ് | 01.04.2018 മുതൽ 20.04.2018വരെ |
| | | ശ്രീമതി.സുനിത.എസ്. (അസി.സെക്രട്ടറി) | 21.04.2018 മുതൽ 29.04.2018 വരെ |
| | | ശ്രീ.എം.സുരേഷ് | 30.04.2018 മുതൽ 05.05.2018 വരെ |
| | | ശ്രീമതി.സുനിത.എസ്. (അസി.സെക്രട്ടറി) | 06.05.2018 മുതൽ 08.05.2018 വരെ |
| | | ശ്രീ.കെ.റ്റി.സന്തോഷ് | 09.05.2018 മുതൽ 20.06.2018 വരെ |
| | | ശ്രീമതി.ഷൈബ ഗോപാൽ | 21.06.2018 മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | | |
| **ഉദ്യോഗപ്പേര്** | | | **കാലയളവ്** |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി.ആര്യ.സി.ഉണ്ണി. | 01.04.2018 മുതൽ 10.01.2019 വരെ |

| | | | |
|---|---|---|---|
| | | ശ്രീ.സാം മാത്യു സാബു | 11.01.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീമതി.സുനിത.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.ശ്രീല ഗോവിന്ദ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | | ശ്രീ.വിക്ടോജ്ജ്വബിൻ വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | | ഡോ.ബ്ലെസി പോൾ | 01.04.2018 മുതൽ 05.03.2019 വരെ |
| | | ഡോ.പ്രിയ ബെൽരാജ് | 06.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | | ഡോ.എൻ.മഞ്ജുഷ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | | ഡോ.ശ്രീകല.എം. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.വൽസല.പി.റ്റി. | 01.04.2018 മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , ആനിക്കാട് | | ശ്രീ.ഷബീക്ക് .കെ.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , ആവോലി | | ശ്രീ.പ്രിയരഞ്ജൻ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീമതി. ഷേബ. പി.ബേബി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ. | | ശ്രീമതി.സാലി.കെ.എസ് | 01.04.2018മുതൽ 27.05.2018വരെ |
| | | ശ്രീമതി.ലീല.പി.പി. | 28.05.2018മുതൽ 31.03.2019വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |

| | | |
|---|---|---|
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അടവാക്കിയ തുക | 1-12 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-13 |
| 14 | ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ | 1-14 |
| 15 | തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 1-15 |
| 16 | പത്രപരസ്യത്തിന് അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല | 1-16 |
| 17 | മുദ്രപത്രത്തിൽ കരാർ ചമച്ചില്ല – സർക്കാർ ഫണ്ടിന് നഷ്ടം | 1-17 |
| 18 | പഠനമുറി നിർമ്മാണം പണിയുടെ മൂല്യത്തെക്കാൾ കൂടുതൽ ധനസഹായം നൽകി. | 1-18 |
| 19 | ഗ്രോബാഗുകൾ കൈപ്പറ്റിയ വിവരം ലഭ്യമല്ല. മറ്റ് അപാകതകൾ. | 1-19 |
| 20 | കൃഷിവികസനം ഗുണഭോക്തൃ വിവരം ലഭ്യമല്ല. | 1-20 |
| 21 | നെൽകൃഷി ഉൽപാദന ഇൻസെന്റീവ് പച്ചക്കറികൃഷിക്കായി വിനിയോഗിച്ചു. | 1-21 |
| 22 | മരാമത്ത് പണികളിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല. | 1-22 |
| 23 | പൊളിച്ചു നീക്കിയ വാതിലുകൾ ലേലം ചെയ്തില്ല. | 1-23 |
| 24 | മോണിട്ടറിങ്ങ് സമിതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർ ആകുന്നു. | 1-24 |
| 25 | ലൈഫ് ഭവനപദ്ധതി - അനുമതിക്ക് വിരുദ്ധമായ നിർമ്മാണം. | 1-25 |
| 26 | വീട് വാസയോഗ്യമാക്കൽ - നിർവ്വഹണത്തിലെ അപാകതകൾ | 1-26 |
| 27 | വസ്തുനികുതിയിനത്തിൽ വൻകുടിശ്ശിക | 1-27 |
| 28 | ഉപയോഗക്രമം ഉറപ്പാക്കി വസ്തുനികുതി പുനനിർണ്ണയിക്കേണ്ടതാണ്. | 1-28 |
| 29 | തെരുവു വിളക്ക് സ്ഥാപിക്കൽ ( എൽ ഇ ഡി ) പദ്ധതി- അപാകതകൾ- | 1-29 |
| 30 | സർക്കാർ അനുമതിയില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തി | 1-30 |
| 31 | അംഗൻവാടി നിർമ്മാണത്തിനുള്ള ജില്ലാപഞ്ചായത്ത് വിഹിതം വിനിയോഗിക്കാതെ അവശേഷിക്കുന്നു. | 1-31 |
| 32 | അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിച്ചില്ല | 1-32 |

| | | |
|---|---|---|
| 33 | വെള്ളക്കരം- മുൻകുടിശ്ശിക നിലനിൽക്കുന്നത്- | 1-33 |
| 34 | മരുന്ന് പൂർണമായി ലഭ്യമായില്ല. | 1-34 |
| 35 | കാലിത്തീറ്റ സബ്സിഡി- ഗുണ.വിഹിതം ചെലവ് കണക്കുകളിൽ ഉൾപ്പെടാത്തത്- | 1-35 |
| 36 | വിനിയോഗ വിവരം ഇല്ല- | 1-36 |
| | ഭാഗം 2<br>ഇല്ല | |
| | ഭാഗം 3<br>ഇല്ല | |
| | ഭാഗം 4 | |
| 37 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 38 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 41 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 42 | സ്ഥിര നിക്ഷേപം | 4-6 |
| 43 | ഓഡിറ്റ് റിക്കവറി | 4-7 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 45 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം.1 |
| 49 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 50 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 51 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

23.03.2018 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 03.06.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5973950.00 |
| വരവ് | 85422645.00 |
| ആകെ | 91396595.00 |
| ചെലവ് | 81628032.00 |
| നീക്കിയിരിപ്പ് | 9768563.00 |

# 1-4 ഫണ്ട് വിനിയോഗം

<table>
<tr><th colspan="2">ഫണ്ടിനം</th><th>ഒ.ബി</th><th>വരവ്</th><th>ആകെ</th><th>ചെലവ്</th><th>സി.ബി</th></tr>
<tr><td colspan="2">വികസന ഫണ്ട്-ജനറൽ</td><td>0</td><td>12067223</td><td>12067223</td><td>10742563</td><td>1324660 (lapsed)</td></tr>
<tr><td colspan="2">വികസന ഫണ്ട്-എസ്.സി.പി</td><td>0</td><td>2405000</td><td>2405000</td><td>1857287</td><td>547713 (lapsed)</td></tr>
<tr><td colspan="2">വികസന ഫണ്ട്-ടി.എസ്.പി</td><td>0</td><td>155000</td><td>155000</td><td>85200</td><td>69800 (lapsed)</td></tr>
<tr><td colspan="2">മെയിന്റനൻസ്, റോഡ്</td><td>0</td><td>14966000</td><td>14966000</td><td>14940185</td><td>25815 (lapsed)</td></tr>
<tr><td colspan="2">മെയിന്റനൻസ്, നോൺ-റോഡ്</td><td>0</td><td>3274000</td><td>3274000</td><td>3180122</td><td>93878 (lapsed)</td></tr>
<tr><td colspan="2">സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്</td><td>0</td><td>7349993</td><td>7349993</td><td>4541586</td><td>2808407 (lapsed)</td></tr>
<tr><td colspan="2">ദുരിതാശ്വാസനിധി</td><td>9594</td><td>2272</td><td>11866</td><td>7700</td><td>4166</td></tr>
<tr><td colspan="2">സാനിട്ടേഷൻ</td><td>25000</td><td>0</td><td>25000</td><td>25000</td><td>0</td></tr>
<tr><td colspan="2">ഐ.സി.ഡി.എസ്</td><td>1248220</td><td>427894</td><td>1676114</td><td>243888</td><td>1432226</td></tr>
<tr><td colspan="2">എം.ജി.എൻ.ആർ. ഇ.ജി.എസ്</td><td>593</td><td>391586</td><td>392179</td><td>390750</td><td>1429</td></tr>
<tr><td colspan="2">എം.ജി.എൻ.ആർ. ഇ.ജി.എസ്- സ്റ്റേറ്റ് ഫണ്ട്</td><td>0</td><td>73000</td><td>73000</td><td>73000</td><td>0</td></tr>
<tr><td rowspan="2">ജോയിന്റ് വെഞ്ചർ അക്കൗണ്ട്</td><td>ബ്ലോക്ക് പഞ്ചായത്ത്</td><td>200000</td><td>1075997</td><td>1275997</td><td>929993</td><td>346004</td></tr>
<tr><td>ജില്ലാ പഞ്ചായത്ത്</td><td>0</td><td>7382552</td><td>7382552</td><td>7372552</td><td>10000</td></tr>
<tr><td colspan="2">ജില്ലാ പഞ്ചായത്ത് ക്യാപിറ്റൽ ചെലവ്</td><td>400000</td><td>0</td><td>400000</td><td>0</td><td>400000</td></tr>
<tr><td colspan="2">ബി ഫണ്ട്</td><td>0</td><td>190140</td><td>190140</td><td>190140</td><td>0</td></tr>
<tr><td colspan="2">സാക്ഷരതാ മിഷൻ</td><td>244258</td><td>8936</td><td>253194</td><td>247277</td><td>5917</td></tr>
<tr><td colspan="2">ശുചിത്വമിഷൻ</td><td>263100</td><td>140000</td><td>403100</td><td>140000</td><td>263100</td></tr>
<tr><td colspan="2">സമ്പൂർണ്ണ ശുചിത്വം ഗ്രാന്റ്</td><td>0</td><td>1519200</td><td>1519200</td><td>0</td><td>1519200</td></tr>
<tr><td colspan="2">[illegible]</td><td>0</td><td>[illegible]</td><td>[illegible]</td><td>[illegible]</td><td>0</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | | 0 | 300000 | 300000 | 300000 | 0 |
| ഡെപ്പോസിറ്റുകൾ | | 711681 | 670325 | 1382006 | 689576 | 692430 |
| ലൈഫ് ലോൺ | | 0 | 20885021 | 20885021 | 20840000 | 45021 |
| വിമുക്തി | | 12500 | 25000 | 37500 | 24500 | 13000 |
| ഗുണഭോക്തൃവിഹിതം | | 4378 | 211406 | 215784 | 215784 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2874199 | 3963785 | 6837984 | 3311413 | 3526571 |
| | ട്രഷറി അക്കൗണ്ട് | -46048 | 16984866 | 16938818 | 15466055 | 1472763 |
| കൈയ്യിരുപ്പ് | | 26475 | 36736 | 63211 | 26475 | 36736 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 134676220 | 130 | 66372984 | 37 | 25 | 67.7% |

<u>ഗ്രാന്റ് ഇൻ എയ്ഡ് - *വിനിയോഗം*</u>

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് ഇൻ എയ്ഡ് പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.വിശദവിവരം താഴെ ചേർക്കുന്നു*.*

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 12067223 | 10742563 | 1324660 | 89.02 |
| വികസനഫണ്ട് -എസ്.സി.പി | 2405000 | 1857287 | 547713 | 77.23 |
| വികസനഫണ്ട് -ടി.എസ്.പി | 155000 | 85200 | 69800 | 54.97 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 14966000 | 14940185 | 25815 | 99.83 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 3274000 | 3180122 | 93878 | 97.13 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7349993 | 4541586 | 2808407 | 61.79 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 593 | 318586 | 319179 | 317750 | 1429 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13894250 | 13894250 | 13894250 | 0 |
| 100 തൊഴിൽ ദിനം - ഗ്രാന്റ് | 0 | 73000 | 73000 | 73000 | 0 |
| ആകെ | 593 | 14285836 | 14286429 | 14285000 | 1429 |

തൊഴിലുറപ്പ് പദ്ധതി ഫിനാൻഷ്യൽ പെർഫോർമൻസ് റിപ്പോർട്ട് പ്രകാരം ഓഡിറ്റ് വർഷം 1,42,12,000/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇത് വാർഷിക ധനകാര്യപത്രികയിലെ ഐ.6 ഷെഡ്യൂളിൽ 5,88,64,884/- രൂപയായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 4,46,52,884/- രൂപ വ്യത്യാസം കാണുന്നുണ്ട്. വാർഷിക കർമ്മ പദ്ധതി കൂടാതെ 4 അഡീഷണൽ ആക്ഷൻ പ്ലാനുകൾ കൂടി അംഗീകാരം ലഭിച്ചതിനാൽ ഇതിലെ തുകകളെല്ലാം ചേർത്ത് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ഈ വ്യത്യാസം വന്നിട്ടുള്ളത് എന്ന് സെക്രട്ടറി ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65640 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 2277600 | 533 |
| വിധവാപെൻഷൻ | 6424800 | 1480 |
| വാർദ്ധക്യകാലപെൻഷൻ | 13508000 | 2880 |
| വികലാംഗപെൻഷൻ | 2462000 | 567 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 317600 | 78 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2020 ഉച്ചകഴിഞ്ഞ് 3.15 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8408/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

**<u>രസീതുകളുടെ ഉപയോഗം</u>**

പണപ്പിരിവിനായി ഉപയോഗിക്കുന്ന മാനുവൽ രസീത് ബുക്കുകൾ ഉപയോഗിക്കുന്നതിന് മുമ്പ് അതിലുള്ള രസീതുകളുടെ എണ്ണം തിട്ടപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തണം (Certificate of count). എന്നാൽ പല രസീത് ബുക്കുകളിലും ഇത്തരത്തിൽ സർട്ടിഫിക്കറ്റ് രേഖപ്പെടുത്താതെ തന്നെ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പണം പിരിക്കുന്നതിന് നൽകിയ രസീതു ബുക്കുകളിൽ സാമ്പത്തിക വർഷത്തിനകം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ റദ്ദാക്കി സാക്ഷ്യപ്പെടുത്താതെ സൂക്ഷിക്കുന്നു. ഇത് രസീതുകളുടെ ദുരുപയോഗത്തിന് കാരണമാകും എന്നതിനാൽ ആയവ റദ്ദാക്കി സൂക്ഷിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ ഉപയോഗിക്കുന്ന രസീതുകളിലെ കളക്ഷൻ ദിനം പ്രതി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും പഞ്ചായത്തിൽ അടവാക്കുന്നതിന്റെ രസീത് ഉൾപ്പെടുത്തുകയും ചെയ്യുന്നില്ല. ഇത് തുക അടവാക്കലിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കുന്നതിന് കാലതാമസം വരുത്തുന്നു. പഞ്ചായത്തിൽ പണം സ്വീകരിക്കുമ്പോൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

**<u>തൊഴിൽ നികുതി</u>**

അർദ്ധവാർഷിക സ്റ്റേറ്റ്മെന്റുകൾ കൃത്യമായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി പിരിവിന്റെ കൃത്യത ഉറപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണമാകുന്നുണ്ട്.

**<u>സ്റ്റാന്റിങ്ങ് കമ്മറ്റികൾ</u>**

എല്ലാ മാസവും സ്റ്റാന്റിങ്ങ് കമ്മറ്റികൾ ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ട് പഞ്ചായത്ത് കമ്മറ്റിക്ക് ശുപാർശ ചെയ്യുന്നുണ്ട്.

**<u>വർക്കിങ്ങ് ഗ്രൂപ്പുകൾ</u>**

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മാത്രമെ യോഗങ്ങൾ ചേർന്നിട്ടുള്ളൂ. വർക്കിങ്ങ് ഗ്രൂപ്പുകളാണ് പദ്ധതി നിർവ്വഹണത്തിന്റെ മോണിട്ടറിങ്ങ് സമിതി ആയി പ്രവർത്തിക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ മോണിട്ടർ ചെയ്ത് റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും പഞ്ചായത്ത് കമ്മറ്റിക്കും നൽകുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.12.2019 | 12/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.12.2017 മുതൽ 29.12.2017 വരെ | 2012-13 മുതൽ 2016-17 വരെ | 01.03.2018 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അടവാക്കിയ തുക

ഓഡിറ്റ് എൻക്വയറി നം. 11/28.01.2020 തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്.

| ഇനം | തിരിച്ചടച്ച തുക | ചലാൻ / രസീത് നമ്പർ/ തിയതി |
|---|---|---|
| TDS റിട്ടേൺ ഫയൽ ചെയ്യുന്നതിന് തുക നൽകിയത് | 1500 | 119010103997/29.01.2020 |
| | 500 | 119010103996/29.01.2020 |
| ആകെ | 2000 | |

# 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് Rs.8630/-

| ക്രമ നം. | ജീവനക്കാരന്റെപേര്/ സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാ ക്കേണ്ടത്(ഓരോ അർദ്ധ വർഷവും) | ഈടാക്കിയത് | | കുറവ് (രണ്ട് അർദ്ധ വർഷവും) |
|---|---|---|---|---|---|---|
| | | | | 2018-19 Ist half | 2018-19 II nd half | |
| 1 | എൽസിജോർജ്/ ജിയോസെൽ ഇൻഡസ്ട്രീസ് | 32602/- | 300/- | 180/- | ഈടാക്കി യിട്ടില്ല. | 420/- |
| 2 | നീതു ജയചന്ദ്രൻ/ ആനിക്കാട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 139284/- | 1250/-- | ഈടാക്കി യിട്ടില്ല. | 750/- | 1750/- |

| | | | | | | |
|---|---|---|---|---|---|---|
| 3 | ശിശിര സുനിൽ/ ആനിക്കാട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 139254/- | 1250/- | ഈടാക്കി യിട്ടില്ല. | 750/- | 1750/- |
| 4 | കുടുംബശ്രീ സി.ഡി.എസ് | 76500/- | 750/- | 720/- | 750/- | 30/- |
| | ജമീല/എച്ച്.എം ട്രെയിനിംഗ് കോളേജ് | 102000/- | 1000/- | 750/- | 600/- | 650/- |
| 5 | ആര്യ സി.ഉണ്ണി, ബിനുമോൾ, ബാസ്കരൻ/ എൽ.എസ്.ജി.ഡി സെക്ഷൻ ആവോലി | 314900/-, 163180/- | 1250/- | ഈടാക്കി യിട്ടില്ല | 1250/-, 1250/- | 2500/- |
| 6 | അജിത് കുമാർ, ബിനു വി.കെ, വിഷ്ണുസജ്ജു/ശബരി ഡിസ്ട്രിബ്യൂഷൻ പ്രൈ.ലിമിറ്റഡ് | 21300/-, 42020/- 57600/- | 180/-, 300/- 450/- | ഈടാക്കി യിട്ടില്ല | 180/-, 300/- 450/- | 930/- |
| 7 | അഞ്ചലി ഫ്രാൻസിസ്, പി.എം ഉലഹന്നാൻ/ സെന്റ്ജോർജ്ജ് കോളേജ്,വാഴക്കുളം | 36000/- 43200/- | 300/- 300/- | ഈടാക്കി യിട്ടില്ല | 300/- 300/- | 600/- |
| | ആകെ കുറവ് | | | | | 8630/- |

ജീവനക്കാരുടെ തൊഴിൽനികുതിയിനത്തിലെ കുറവ് തുക ഈടാക്കേണ്ടതാണ്.

# 1-14 ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ

ലൈസൻസ് ഫീ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഒരേ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ ലൈ സൻസ് ഫീ ഈടാക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമ/ വാർഡ്നം. | സ്ഥാപനത്തിന്റെ ഉദ്ദേശം | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീ | രസീതുനം. /തീയതി | ഈടാക്കിയ ബിലേറ്റഡ് ഫീ |
|---|---|---|---|---|---|---|
| 1 | ശശി പി.എൻ 11/228 | കൂൾബാർ,സ്റ്റേഷനറി ,പലചരക്ക് സാധനങ്ങൾ വില്പന | 100,000/- | 500 | 118010101743 /3.8.18 | 125 |
| 2 | ജോസ് തോമസ് 6/81 | പലചരക്ക് കടനടത്തുന്നതിന് | 100,000/- | 300 | 118010102376 /11.1018 | 75 |
| 3 | യദുകൃഷ്ണ | കോസ്മെറ്റിക് | 200,000/- | 300 | 118010102599 | ഈടാക്കി |

| | | | | | | |
|---|---|---|---|---|---|---|
| | 10/445A | സാധനങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, ബൾബ്, ബാറ്ററീസ് എന്നിവയുടെ വിതരണം | | | /2.11.18 | യിട്ടില്ല. |
| 4 | ശിവരാജൻ എ.ജി 14/203 | വെൽഡിംഗ് വർക്ക് ഷോപ്പ് നടത്തിന്നതിന് | 200,000/- | 1000 | 118010102655 /12.11.18 | 250 |
| 5 | ജിൻജു ബേബി 14/72 | ടൈലറിംഗ് സെന്റർ, ചുരിദാർ മെറ്റീരിയൽ വിൽപ്പന | 200,000/- | 300 | 118010101578 /23.7.2018 | ഈടാക്കി യിട്ടില്ല. |

ജി.ഒ.(പി) നം.80/2017/എൽ.എസ്.ജി.ഡി / തീയതി 31.10.2017 ഉത്തരവ് പ്രകാരം വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും മറ്റു സംരംഭങ്ങൾക്കുമുള്ള ലൈസൻസ് ഫീ ഈടാക്കുന്നത് സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ്. മേൽ ഉത്തരവിൻ പ്രകാരം ഉൽപാദന മേഖലയിലും സേവനമേഖലയിലും ഉള്ള മൂലധനനിക്ഷേപ ത്തിന്റെ ഓരോ സ്ലാബിന്റേയും അടിസ്ഥാനത്തിൽ ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീ നിശ്ചയിച്ചിട്ടുണ്ട്. ഓരോ സ്ലാബിലും ഈടാക്കേണ്ട ലൈസൻസ് ഫീ കമ്മറ്റി തീരുമാനമെടുത്ത് നിശ്ചയിച്ച് തുക ഈടാക്കേണ്ടതാണ്.

വൈകി സമർപ്പിക്കുന്ന അപേക്ഷകൾക്ക് ബിലേറ്റഡ് ഫീ ഈടാക്കേണ്ടതാണ്.

# 1-15 തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

1) സ്ഥാപന തൊഴിൽ നികുതി

ആവോലി ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2018-19 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി (രണ്ട് അർദ്ധവർഷങ്ങളിലേയും) ഈടാക്കിയിട്ടില്ല.

.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | നന്ദൂസ് ബെസ്റ്റ് ബേക്കറി ഫുഡ്സ്,കിഴക്കേക്കര |
| 2 | ഡ്രീംഫുഡ്സ്,കാവന |
| 3 | ശബരി ഡിസ്ട്രിബ്യൂഷൻ പ്രൈ.ലിമിറ്റഡ് |
| 4 | വിശ്വ ജ്യോതി കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി |
| 5 | സെന്റ് ജോർജ് കോളേജ്,വാഴക്കുളം |

| | |
|---|---|
| 6 | എച്ച്.എം ആർട്സ് &സയൻസ് കോളേജ്, രണ്ടാർക്കര |
| 7 | എച്ച്.എം ട്രെയിനിംഗ് കോളേജ്, രണ്ടാർക്കര |
| 8 | ലോട്ടസ് ഡയഗ്നോസ്റ്റിക് സെന്റർ, പരീക്കപീടിക |
| 9 | നിർമ്മല കോളേജ് ഓഫ് ഫാർമസി, മൂവാറ്റുപുഴ |
| 10 | ഇസ്ര ടിമ്പേഴ്സ്, രണ്ടാർക്കര |
| 11 | നിർമ്മല കോളേജ് പോസ്റ്റ് ഓഫീസ്, മൂവാറ്റുപുഴ |
| 12 | ഇർനാട് മാച്ച് ഫാക്ടറി, നെല്ലിപ്പിള്ളി |
| 13 | ഓഷ് ഓർഗാനിക് സെന്റർ |
| 14 | കാർത്തിക സെർവീസിംഗ് സെന്റർ, ആവോലി |
| 15 | കാവന മിൽക് പ്രൊഡ്യൂസേഴ്സ്, സൊസൈറ്റി |
| 16 | ന്യൂ ഇൻഡ്യ അഷ്വറൻസ് പോർട്ടൽ ഓഫീസ് |
| 17 | നിർമ്മല സ്ററാഫ് കോഓപ്പറേറ്റീവ് സോസൈറ്റി |
| 18 | ഫിൻടെക്ക് നിർമ്മല സദൻ, മൂവാറ്റുപുഴ |
| 19 | ഗോവർദ്ധൻ ട്രേഡിംഗ് കമ്പനി പ്രൈ. ലിമിറ്റഡ് |
| 20 | കാർത്തിക ഓട്ടോമോബൈൽസ് |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ് .

2)ജീവനക്കാരുടെ തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2018-19 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധവർഷങ്ങളിലേയും) ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | നന്ദൂസ് ബെസ്ററ് ബേക്കറി ഫുഡ്സ്, കിഴക്കേക്കര |
| 2 | ആഗ്രോ പ്രോസസിംഗ്, കമ്പനി |
| 3 | ഇസ്ര ടിമ്പേഴ്സ്, രണ്ടാർക്കര |
| 4 | നിർമ്മല കോളേജ് പോസ്റ്റ് ഓഫീസ്, മൂവാറ്റുപുഴ |
| 5 | ഇർനാട് മാച്ച് ഫാക്ടറി, നെല്ലിപ്പിള്ളി |
| 6 | ഓഷ് ഓർഗാനിക് സെന്റർ |
| 7 | കാർത്തിക സെർവീസിംഗ് സെന്റർ, ആവോലി |
| 8 | കാവന മിൽക് പ്രൊഡ്യൂസേഴ്സ്, സൊസൈറ്റി |
| 9 | ന്യൂ ഇൻഡ്യ അഷ്വറൻസ് പോർട്ടൽ ഓഫീസ് |
| 10 | നിർമ്മല സ്ററാഫ് കോഓപ്പറേറ്റീവ് സോസൈറ്റി |
| 11 | ശിവ ടെമ്പിൾ, പള്ളിക്കപ്പറമ്പ്, കാവന, വാഴക്കുളം |
| 12 | ഫിൻടെക്ക് നിർമ്മല സദൻ, മൂവാറ്റുപുഴ |
| 13 | ഗോവർദ്ധൻ ട്രേഡിംഗ് കമ്പനി പ്രൈ. ലിമിറ്റഡ് |
| 14 | കാർത്തിക ഓട്ടോമോബൈൽസ് |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 1-16 പത്രപരസ്യത്തിന് അനുവദനീയമായ ഡിസ്ക്കൗണ്ട് ലഭ്യമാക്കിയില്ല

ജി.ഒ(ആർ.ടി) 1 / 2011 /പി ആൻഡ് എ ആർ ഡി, തീയതി 04.01.2011 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് ദിനപത്രങ്ങളിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് 15 % ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രവൃത്തികളുടെ ടെണ്ടറുകൾ വിവിധ തീയതികളിൽ ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതിന് വൗച്ചർ നം.21800080/19.04.18 പ്രകാരം 42780/- രൂപ നൽകിയിട്ടുണ്ടെങ്കിലും ഇപ്രകാരം ഡിസ്കൗണ്ട് ലഭിച്ചതായി കാണുന്നില്ല. എന്നാൽ മംഗളം, ദേശാഭിമാനി എന്നീ പത്രങ്ങളിൽ നൽകിയിട്ടുള്ള പരസ്യങ്ങൾക്ക് തൻവർഷം പ്രസ്തുത ഡിസ്കൗണ്ട് ലഭിച്ചിട്ടുമുണ്ട്. ദീപിക ദിനപത്രത്തിൽ നിന്നും ഇത്തരത്തിൽ അർഹതപ്പെട്ട ഡിസ്കൗണ്ട് ലഭ്യമാകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4) മറുപടിയായി അനുവദനീയമായ ഡിസ്കൗണ്ട് തിരികെ വാങ്ങി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡിസ്കൗണ്ട് തുക ഈടാക്കി വിവരം അറിയിക്കേണ്ടതും ഭാവിയിൽ പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

# 1-17 മുദ്രപത്രത്തിൽ കരാർ ചമച്ചില്ല – സർക്കാർ ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലാപ്പ്ടോപ്പ് വിതരണ പ്രോജക്ടുകളിൽ (എസ്. 0118/19 & എസ്.0213/19) ഉൾപ്പെടുത്തി യഥാക്രമം 7, 3 വീതം ഗുണഭോക്താക്കൾക്ക് 28400/- രൂപ മൂല്യമുള്ള ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ എസ്.0137/19 -ാം നമ്പർ പ്രോജക്ടിന്റെ ഭാഗമായി മൂന്ന് ഗുണഭോക്താക്കൾക്ക് വിവാഹധനസഹായം 75000/- രൂപ വീതം അനുവദിച്ചിട്ടുമുണ്ട്.

തദ്ദേശഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ.(കൈ) 22/2018 നമ്പർ ഉത്തരവിലെ ഖണ്ഡിക 2-15 പ്രകാരം 25000/- രൂപയിൽ കൂടുതൽ ആനുകൂല്യം വാങ്ങുന്ന കാര്യത്തിൽ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വയ്ക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുമായി ഇപ്രകാരം കരാർ ഏർപ്പെടാതെയാണ് നിർവ്വഹണഉദ്യോഗസ്ഥൻ ആനുകൂല്യം നൽകിയിട്ടുള്ളത്. അതിനാൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ സർക്കാരിന് ലഭിക്കേണ്ടിയിരുന്ന 2600/- രൂപയുടെ (13x200) നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.15/29.01.2020) മറുപടി ലഭ്യമാക്കിയില്ല. സർക്കാരിനുണ്ടായ നഷ്ടം അടവാക്കേണ്ടതാണ്.

# 1-18 പഠനമുറി നിർമ്മാണം പണിയുടെ മൂല്യത്തെക്കാൾ കൂടുതൽ ധനസഹായം നൽകി.

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (എസ്സ്. 0144/19) |
| അടങ്കൽ | 500000/- |
| ചെലവ് | 153260/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി മൂന്ന് വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി മുൻകൂർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരാൾ മാത്രമാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകി മുൻകൂർ ധനസഹായം തുക ക്രമീകരിച്ചിട്ടുള്ളൂ. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. **ചെയ്ത പണിയുടെ മൂല്യത്തെക്കാൾ കൂടുതൽ ധനസഹായം നൽകിയിട്ടുണ്ട്:** ശ്രീ.മണി സജി, ഠാഹ മലയിൽ വീട്, ആവോലി എന്ന ഗുണഭോക്താവിന് 50000/- രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട് (ബിൽ നമ്പർ 7/18-19/5.2.2019: 25000/- & 14/18-19/18.3.2019: 25000/-). എന്നാൽ ഇദ്ദേഹം ചെയ്ത പണിയുടെ മൂല്യം 28862.61 രൂപയായിട്ടാണ് എൽ.എസ്.ജി.ഡി.അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. 21137/- രൂപ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല.
2. **മ**ു**ൻകൂർ ക്രമീകരിച്ചിട്ടില്ല:** ശ്രീ.ബോസ് ദാസ്, പുത്തൻപുരയ്ക്കൽ, കാവന എന്ന ഗുണഭോക്താവിന് 25000/- രൂപ (ബിൽ നമ്പർ 11/18-19/16.2.2019) മുൻകൂർ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇദ്ദേഹം പണിപൂർത്തീകരിച്ച് മുൻകൂർ ക്രമീകരിച്ചിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്
( നം.14/29.01.2020) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 46137/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-19 ഗ്രോബാഗുകൾ കൈപ്പറ്റിയ വിവരം ലഭ്യമല്ല. മറ്റ് അപാകതകൾ.

സമഗ്ര പച്ചക്കറികൃഷി വികസനം (എസ്. 0142/19) എന്ന പ്രോജക്ടിന്റെ ഭാഗമായി 25 ഗ്രോബാഗുകൾ വീതം ഉൾപ്പെടുന്ന 70 യൂണിറ്റുകൾക്ക്, യൂണിറ്റൊന്നിന് 2000/- രൂപ

നിരക്കിൽ ആയുഷ് ഓർഗാനിക് ക്ലസ്റ്റർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ഇൻവോയ്സ് നം. 01/2018-19/10.12.2018). ഇതിൽ 105000/- രൂപ വികസനഫണ്ടിൽ നിന്നും (ബിൽ നം. 02/18-19/ 12.12.2018) ബാക്കി 35000/- രൂപ ഗുണഭോക്താക്കളിൽ നിന്നും സ്ഥാപനം നേരിട്ടും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 70 ഗുണഭോക്താക്കൾക്ക് ഗ്രോബാഗുകൾ വിതരണം ചെയ്തതിന്റെയോ അവ കൈപ്പറ്റിയതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ഗ്രോബാഗുകൾ വിതരണം ചെയ്യുന്നതിന് ആയുഷ് ഓർഗാനിക് ക്ലസ്റ്റർ എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിന്റെയും ഗ്രോബാഗ് യൂണിറ്റിന്റെ വില 2000/- രൂപയായി നിശ്ചയിച്ചതിന്റെയും മാനദണ്ഡം എന്തെന്ന് വിശദീകരിക്കേണ്ടതാണ്. കൂടാതെ ഈ സ്ഥാപനത്തിന് ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ളതായും കാണുന്നില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/29.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 1,05,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 കൃഷിവികസനം ഗുണഭോക്തൃ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് | സമഗ്രകൃഷി വികസനം (എസ്സ്. 0143/19) |
| അടങ്കൽ | 963483/- |
| ചെലവ് | 963483/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി യൂറിയ, പൊട്ടാഷ്, ഫാക്ടം ഫോസ്, വേപ്പിൻ പിണ്ണാക്ക് എന്നിവയ്ക്കുള്ള സബ്സിഡി തുക 763944/- (ബിൽ നം. 09/18-19/11.03.2019) 228 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ താഴെ ചേർക്കുന്ന ക്രമനമ്പരുകളിൽ ഗുണഭോക്താവിന്റെ പേര് ചേർത്തിട്ടില്ല.

| ലിസ്റ്റിലെ ക്രമ നമ്പർ | നൽകിയ സബ്സിഡി തുക |
|---|---|
| 36 | 928.80 |
| 164 | 1574.40 |
| 176 | 619.20 |

ഈ ധനസഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ പേര് വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/29.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 3122.4 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-21 നെൽക്കൃഷി ഉൽപാദന ഇൻസെന്റീവ് പച്ചക്കറിക്കൃഷിക്കായി വിനിയോഗിച്ചു.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ സമഗ്ര പച്ചക്കറിക്കൃഷി വികസനം (എസ്.0142/19) എന്ന പ്രോജക്ടിന്റെ ഭാഗമായി 147500/- രൂപ വികസനഫണ്ടിൽ നിന്നും (ബിൽ നം.02/18-19/12.12.2018: 105000/- & 08/18-19/30.1.2019: 42500/-) 42500/- രൂപ ബ്ലോക്ക് വിഹിതത്തിൽ നിന്നും (വൗ.നം. 21801280/22.03.2019) ചെലവഴിച്ചതായി സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടിനായി ബ്ലോക്ക് വിഹിതം ലഭിച്ചിട്ടില്ല. ഈ തുക നൽകിയിട്ടുള്ളത് പാടി ഇൻസെന്റീവ് നൽകുന്നതിനായി ലഭിച്ച തുകയിൽ നിന്നുമാണ്. ബ്ലോക്ക് വിഹിതം ലഭിക്കാതെ റിക്വിഷൻ നൽകിയതും നെൽകൃഷി ഉൽപാദന ബോണസിനായി ലഭിച്ച തുക പച്ചക്കറി വികസന പ്രോജക്ടിനായി വിനിയോഗിച്ചതും സംബന്ധിച്ച വിശദീകരണവും ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ചിട്ടുള്ള പാടി ഇൻസെന്റീവ് 64500 രൂപയുടെ വിനിയോഗ രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/29.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശത്തിന്റെ സാധൂകരണത്തിന് വിധേയമായി 42500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-22 മരാമത്ത് പണികളിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ പല മരാമത്ത് പണികളിലും കിളച്ചെടുത്ത മണ്ണ് (item: Excavation in cutting in soil by manual means with lead upto 50 meters) ഉപയോഗിക്കുകയോ സ്റ്റാക്ക് ചെയ്ത് സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ കിളച്ചെടുക്കുന്ന മണ്ണ് പഞ്ചായത്തിന്റെ ആസ്തി ആകയാൽ അതിന്റെ ഉപയോഗം / സ്റ്റാക്ക് വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഉപയോഗം രേഖപ്പെടുത്താത്ത പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | അളവ് പുസ്തകം | കിളച്ചെടുത്ത മണ്ണിന്റെ അളവ് (ഘ.മീ) |
|---|---|---|---|
| 1 | മണകണ്ടത്തിൽ റോഡ് കോൺക്രീറ്റിങ്ങ് വാർഡ്.2 (എസ്.0051/19) | 641/18-19 | 7.46 |
| 2 | ആലക്കൽ മണ്ടാനി റോഡ് കോൺക്രീറ്റിങ്ങ് വാർഡ്.12 (എസ്.0046/19) | 656/18-19 | 16.37 |
| 3 | കക്കാട്ട്തണ്ട് പൊരുന്നടത്ത് റോഡ് കോൺക്രീറ്റിങ്ങ് വാർഡ്.2 (എസ്.0200/19) | 689/18-19 | 27.525 |
| 4 | സ്റ്റഡി സെന്റർ റോഡ് കോൺക്രീറ്റിങ്ങും സൈഡ് കെട്ടലും വാർഡ്.2 (എസ്.0107/19) | 632/18-19 | 4.99 |
| 5 | പുതിയേടത്ത് താഴം ചരമേൽത്താഴം റോഡ് | 530/18- | 25.46 |

| | | | |
|---|---|---|---|
| | കോൺക്രീറ്റിങ്ങ് വാർഡ്.8 (എസ്.0032/19) | 19 | |
| 6 | നെടുംതോട് വാച്ച് സ്റ്റേഷൻ റോഡ് കോൺക്രീറ്റിങ്ങ് വാർഡ്.1 (എസ്.0192/19) | 684/18-19 | 25.54 |
| 7 | പൂണക്കുടി മണിയംകുളം പാടശേഖര നടപ്പാത കോൺക്രീറ്റിങ്ങ് വാർഡ്.1 (എസ്.0035/19) | 645/18-19 | 3.875 |
| ആകെ | | | 111.22 |

ഇത് സംബന്ധിച്ച് അന്വേഷണം നടത്തി മേൽ പ്രവൃത്തികളുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് അന്യാധീനപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരിൽ നിന്നും നഷ്ടം ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിക്ക് ശുപാർശ ചെയ്യുന്നു.

# 1-23 പൊളിച്ചു നീക്കിയ വാതിലുകൾ ലേലം ചെയ്തില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ " രാജീവ് ഗാന്ധി കൾച്ചറൽ സെന്റർ മെയിന്റനൻസ് (എസ്. 0129/19)" എന്ന പ്രവൃത്തിയിൽ പഴയ ജനാലകളും വാതിലും പൊളിച്ചത് പഞ്ചയത്ത് കോമ്പൗണ്ടിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്നും ആയത് ലേലം ചെയ്യുന്നതിന് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (പേജ് 2, അളവ് പുസ്തകം 663/18-19). സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| W.3 | 4 |
| W.2 | 2 |
| D | 1 |

ആയവ ലേലം ചെയ്ത് കൈയ്യൊഴിഞ്ഞിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. / 30.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇവ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-24 മോണിട്ടറിങ്ങ് സമിതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർ ആകുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ മോണിട്ടറിങ്ങ് സമിതിയുടെ കൺവീനറായി അസിസ്റ്റന്റ് സെക്രട്ടറി തന്നെയാണ് പ്രവർത്തിച്ചിട്ടുള്ളത്. മോണിട്ടറിങ്ങ് റിപ്പോർട്ടുകളിൽ അസിസ്റ്റന്റ് സെക്രട്ടറിതന്നെയാണ് സാക്ഷ്യപ്പെടുത്തൽ

നടത്തിയിട്ടുള്ളത്. പ്രോജക്ട് രൂപീകരിക്കുന്ന വർക്കിങ്ങ് ഗ്രൂപ്പുകളാണ് പ്രോജക്ടിന്റെ നിർവ്വഹണഘട്ടത്തിൽ മോണിട്ടറിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ മോണിട്ടറിങ്ങ് സമിതിയുടെ കൺവീനർ നിവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെയാണ് സമിതിയുടെ കൺവീനറായി നിയോഗിക്കേണ്ടത് എന്ന് സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ./ 29.01.2018 ലെ ഖണ്ഡിക 13.2 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ മോണിട്ടറിങ്ങ് സമിതി കൺവീനറായി മറ്റൊരു ഉദ്യോഗസ്ഥനെ പഞ്ചായത്ത് കമ്മിറ്റി ചുമതല ഏൽപ്പിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ താൻ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ മോണിട്ടറിങ്ങ് താൻ തന്നെ നടത്തുന്നു എന്നത് പൊതുതാൽപര്യത്തിന് ഹിതകരമല്ല. ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവനപദ്ധതി - അനുമതിക്ക് വിരുദ്ധമായ നിർമ്മാണം.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആനിക്കാട്) നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതി - ജനറൽ എന്ന പ്രോജക്ടിന്റെ ഭാഗമായി ധനസഹായം അനുവദിക്കപ്പെട്ട രണ്ട് ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന് അനുമതി നൽകിയ പ്ലാനിൽ നിന്നും വ്യത്യസ്ഥമായി നിർമ്മാണം നടത്തിയതിനാൽ തുടർന്നുള്ള ഗഡുക്കൾ നൽകിയിട്ടില്ല. കൈപ്പറ്റിയ തുക തിരികെ അടക്കുന്നതിന് നിർദ്ദേശിച്ച് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ഗഡുക്കൾ | | റിമാർക്ക്സ് |
|---|---|---|---|
| | തുക | തീയതി | |
| അജി വർഗ്ഗീസ്, കല്ലാഴിയിൽ വീട്. | 40000/- | 31.05.2018 | 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണത്തിൽ ഭവനനിർമ്മാണം നടത്തി |
| | 160000/- | 27.7.2018 | |
| ജാനറ്റ് ടെന്നി, കാരമേൽ. | 40000/- | 16.02.2019 | അനുമതി നൽകിയ പ്ലാനിന് വിരുദ്ധമായ രീതിയിൽ പണി ചെയ്തു. |

ഇത് സംബന്ധിച്ച തുടർ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-26 വീട് വാസയോഗ്യമാക്കൽ - നിർവ്വഹണത്തിലെ അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആനിക്കാട്) പൊതുവിഭാഗത്തിനും പട്ടികജാതി

വിഭാഗത്തിനും വേണ്ടി വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകൾ (എസ്.00057/19, എസ്.0058/19) നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രോജക്ടന്റെ നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. **വ്യക്തമായ മൂല്യനിർണ്ണയം നടത്താതെ തുക നൽകി:** സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ./ 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് വീട് വാസയോഗ്യമാക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കേണ്ടതും പണി പൂർത്തീകരിച്ച ശേഷം എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കേണ്ടതുമാണ്. എന്നാൽ പണി ചെയ്ത ഇനങ്ങൾ ഉൾപ്പെടുത്തി വിശദമായി മൂല്യനിർണ്ണയം നടത്താതെ നിശ്ചിത തുകയ്ക്കുള്ള വേല ചെയ്തിട്ടുണ്ട് എന്ന് മാത്രമാണ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.
2. **മോണിട്ടറിങ്ങ് നടത്തിയിട്ടില്ല :** പ്രോജക്ട് പ്രകാരം ധനസഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ പണി യഥാവിധി പൂർത്തീകരിച്ചത് സംബന്ധിച്ച് മോണിട്ടറിങ്ങ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.
3. **കരാർ ചമച്ചിട്ടില്ല :** ഗുണഭോക്താക്കൾ നിർവ്വഹണഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഫയലിനോടൊപ്പം ബ്ലാങ്ക് മുദ്രപ്പത്രം മാത്രമാണ് കാണുന്നത്. ഇത് കരാറായി കണക്കാക്കാനാകില്ല.

പ്രോജക്ട് നിർവ്വഹണം സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടപ്പിലാക്കേണ്ടതും അനുബന്ധ രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

# 1-27 വസ്തുനികുതിയിനത്തിൽ വൻകുടിശ്ശിക

2018-19 ലെ വാർഷിക ധനകാര്യപത്രികയിലെ ബി15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിൽ തന്നാണ്ട് ഉൾപ്പെടെ 4060051 രൂപ കുടിശ്ശിയുള്ളതായി കാണുന്നു. ഇതിൽ 34,32,057/- രൂപ നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കുടിശ്ശിയാണ്. ഇതിൽ വലിയ കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തൻവർഷം വരെയുള്ള കുടിശ്ശിക |
|---|---|
| മാനേജർ, ആഗ്രോ ഫ്രൂട്ട് പ്രോസ്സസ്സിംഗ് കമ്പനി | 806942 |
| ചെയർമാൻ, എച്ച്.എം.ട്രസ്റ്റ് ആർട്സ് കോളേജ് | 103754 |
| വിശ്വജ്യോതി എഞ്ചിനിയറിംഗ് കോളേജ് | 2472229 |

ഇതിൽ വിശ്വജ്യോതി എഞ്ചിനിയറിംഗ് കോളേജിന്റെ വസ്തുനികുതി അടവാക്കൽ

സംബന്ധിച്ച് നിലവിൽ കോടതിയിൽ കേസുള്ളതാണ്. പ്രസ്തുത സ്ഥാപനത്തിന്റെ നികുതി കുടിശ്ശിക കോടതി വിധിയ്ക്ക് വിധേയമായി ഈടാക്കേണ്ടതും മറ്റ് സ്ഥാപനങ്ങളുടേത് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള തുടർ നടപടികളിലൂടെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

# 1-28 ഉപയോഗക്രമം ഉറപ്പാക്കി വസ്തുനികുതി പുനനിർണ്ണയിക്കേണ്ടതാണ്.

ശ്രീ.ഷിജാസ്.കെ.എ, കോട്ടകുന്നേൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ 193.7 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് (II/183A) വ്യവസായാവശ്യത്തിനുള്ളവ -കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 10 രൂപ നിരക്കിൽ 2131 രൂപയാണ് വാർഷിക വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. എന്നാൽ കെട്ടിട ഉടമ സമർപ്പിച്ച വസ്തുനികുതി നിർണ്ണയ റിട്ടേണിൽ (ഫാറം2) പ്രസ്തുത കെട്ടിടം വാണിജ്യാവശ്യത്തിനുള്ള വാഹനങ്ങൾ പാർക്കുചെയ്യുന്ന ആവശ്യത്തിനെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിടത്തിന് നൽകിയിട്ടുള്ള പെർമിറ്റിലും ഓവർസിയറുടെ റിപ്പോർട്ടിലും വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്നാണ് രേഖപ്പെടുത്തലുള്ളത്. ഇത് പ്രകാരം 197.7 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടം എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടിയിരുന്നു. ഇപ്രകാരം കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23) പ്രസ്തുത കെട്ടിടം അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള ബസ്, കാർ മുതലായ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും അനുബന്ധ സാമഗ്രികൾ സൂക്ഷിക്കുന്നതിനും മാത്രം ഉപയോഗിക്കുന്നതാണെന്നും മറ്റ് ഉപയോഗക്രമത്തിലുൾപ്പെടുത്താൻ സാധിക്കാത്തതിനാലാണ് സ്റ്റോറേജ് ഷെഡ് ഗണത്തിലുൾപ്പെടുത്തിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമം ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-29 തെരുവു വിളക്ക് സ്ഥാപിയ്ക്കൽ (എൽ ഇ ഡി) പദ്ധതി- അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി (നം. 26/19) പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 235000/- രൂപയും (ബിൽ നം.18/23-10-18) തനതുഫണ്ടിൽ നിന്നും 149300/- രൂപയുമായി (ചെക്ക് നം.2650321/10-12-18) ആകെ 384300/- ചെലവഴിച്ച് ക്രൂസിന്റെ അനുബന്ധഘടക സ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗിൽ നിന്നും 18 വാട്ടിന്റെ 140 ഓട്ടോമാറ്റിക് എൽഇഡി ലൈറ്റുകൾ വാങ്ങി 14 വാർഡുകളിലും സ്ഥാപിച്ചിട്ടുണ്ട്. വാർഡുകളിൽ സ്ഥാപിച്ചത് സംബന്ധിച്ച് വാർഡ്

മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് സൂക്ഷിച്ചിരിയ്ക്കുന്നത്. ഓരോ വാർഡിലെയും ആവശ്യകതാനിർണയം നടത്താതെ 10 വാർഡുകൾക്കും തുല്യമായി വീതിയ്ക്കുകയാണ് ചെയ്തിരിയ്ക്കുന്നത്. മാത്രമല്ല വാർഡ് തിരിച്ചുള്ള വിശദമായ ഇൻസ്റ്റലേഷൻ റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ G2-44274/2015/17-8-15 നം സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിക്കും പ്രകാരം തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, സ്റ്റോക്ക് ഇൻ, സ്റ്റോക്ക്ഔട്ട് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണെങ്കിലും പഞ്ചായത്തിൽ ഇപ്രകാരം സൂക്ഷിയ്ക്കുന്നില്ല. ഇക്കാരണങ്ങളാൽ ആകെ ചെലവുതുക 384300/- തടസ്സപ്പെടുത്തുന്നു.

# 1-30 സർക്കാർ അനുമതിയില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തി

ഗ്രാമപഞ്ചായത്തിന്റെ 08.02.2018 ലെ 2/2(4) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം സഞ്ചയ പ്യൂരിഫിക്കേഷൻ, കുടിശ്ശിക പെൻഷൻ അപേക്ഷയുടെ ഡാറ്റാ എൻട്രി, ലൈസൻസ് എഴുതൽ എന്നിവ പൂർത്തീകരിക്കുന്നതിനായി രഞ്ജു ഷിനൂപ് എന്നയാളെ ക്ലാർക്ക് തസ്തികയിൽ അധികമായി നിയമിച്ച് തനത് ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| മാസം | ജോലിചെയ്ത ദിനങ്ങളുടെ എണ്ണം | നൽകിയ തുക | വൗച്ചർ നം. |
|---|---|---|---|
| 04/18 | 10 | 6300 | 21800118/03.05.18 |
| 05/18 | 15 | 9490 | 21800203/04.06.18 |
| 06/18 | 17 | 10795 | 21800292/12.07.18 |
| 07/18 | 15 | 9675 | 21800358/02.08.18 |
| 08/18 | 15 | 9675 | 21800447/03.09.18 |
| 09/18 | 15 | 9675 | 21800522/03.10.18 |

ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും വേതനം നൽകുന്നതു സംബന്ധിച്ചും 26.02.2016 ൽ സ.ഉ.(അച്ചടി) 28/2016/ ധന. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ദിവസവേതന / കരാർ നിയമനങ്ങൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി മാത്രമെ നടത്താവൂ എന്നും ഇത്തരത്തിൽ 179 ദിവസത്തേക്ക് മാത്രമേ നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല സർക്കാർ നിയന്ത്രണത്തിലുള്ള പൊതുസ്ഥാപനങ്ങളിൽ, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരാത്ത ഒഴിവുകളിലേക്ക് 1959 ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ടിന് വിധേയമായി മാത്രമെ നിയമനം നടത്താവൂ. എന്നാൽ പഞ്ചായത്തിൽ ഓഴിവില്ലാത്ത സമയത്ത് ഇത്തരത്തിൽ താൽക്കാലിക

നിയമനം നടത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10) പഞ്ചായത്തിൽ ജോലി ഭാരം കൂടുതലായതിനാൽ ദൈനംദിന ഡറ്റാ എൻട്രി, ലൈസൻസ് നൽകൽ, ഡാറ്റാ പ്യൂരിഫിക്കേഷൻ എന്നീ പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായാണ് അധികമായി ജീവനക്കാരിയെ നിയമിച്ചതെന്ന മറുപടി തൃപ്തികരമല്ല. ആയതിനാൽ ഭാവിയിൽ താൽക്കാലിക നിയമനങ്ങൾ നടത്തുമ്പോൾ സർക്കാർ അനുമതിയോടുകൂടി മാത്രം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-31 അങ്കണവാടി നിർമ്മാണത്തിനുള്ള ജില്ലാപഞ്ചായത്ത് വിഹിതം വിനിയോഗിക്കാതെ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രികയിലെ ബി.4 ഷെഡ്യൂളിൽ 320700305 എന്ന ശീർഷകത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 400000/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക 2011-12 വർഷത്തിൽ അങ്കണവാടി നിർമ്മാണം എന്ന പ്രോജക്ടിന് (എസ്.118/12) ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയാണ്. എന്നാൽ ഈ തുക ലഭിച്ച് ഒമ്പത് വർഷമായിട്ടും അങ്കണവാടി നിർമ്മാണം ആരംഭിച്ചിട്ടുപോലുമില്ല. ഈ തുക പ്രസ്തുത ആവശ്യത്തിലേക്ക് വിനിയോഗിക്കുവാൻ കഴിയില്ലെങ്കിൽ തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-32 അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിച്ചില്ല

ശ്രീ.ശശീന്ദ്രൻ, പുത്തൻപുരയിൽ എന്ന് വ്യക്തിയ്ക്ക് കാർ പാർക്കിംഗ് ഷെഡ് എന്ന ആവശ്യത്തിലേക്ക് 380.54 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് XIII/294A എന്ന നമ്പർ അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത കെട്ടിടത്തിൽ അനധികൃതമായി നിർമ്മാണം നടത്തിയിട്ടുണ്ടെന്നും കെട്ടിടം ഓഡിറ്റോറിയം എന്ന നിലയിൽ കല്യാണത്തിനും മറ്റാവശ്യങ്ങൾക്കും നൽകുന്നതായും പരാതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ അസി.എഞ്ചിനിയറോട് ആവശ്യപ്പെടുകയും പരിശോധന നടത്തിയ എ.ഇ പ്രസ്തുത കെട്ടിടം ഉപയോഗമാറ്റം വരുത്തിയിട്ടുണ്ടെന്നും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം മുൻഭാഗങ്ങളിലും ഇരുവശങ്ങളിലും പുറകിലും താഴെപറയും പ്രകാരം കൂട്ടിച്ചേർത്ത് നിർമ്മാണം നടത്തി ഉപയാഗിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.പ്രസ്തുത നിർമ്മാണങ്ങൾ അതിർത്തിയോട് കൂട്ടിച്ചേർത്ത് ചട്ട ലംഘനം ആയിട്ടാണ് നടത്തിയിട്ടുള്ളതെന്നും റിപ്പോർട്ടിൽ പറയുന്നു.

Front-56 ച.മീ

Side-106.43ച.മീ

Back-15.71 ച.മീ

Side porch-30 ച.മീ

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടം നിർമ്മാണാനുമതി നൽകിയതിൽ നിന്നും വ്യത്യസ്തമായി പണിതിട്ടുള്ളതിനാൽ എ.ഇ യുടെ നിർദ്ദേശപ്രകാരം നിർമ്മാണം ക്രമീകരിക്കുകയോ സെറ്റ്ബാക്ക് ഉണ്ടെന്ന തെളിയിക്കുന്ന രേഖകൾ ഹാജരാക്കുകയോ ചെയ്യണമെന്ന് കാണിച്ച് 22.02.18 ൽ കക്ഷിയ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി കാണുന്നു.പ്രസ്തുത നോട്ടീസിനുള്ള മറുപടിയായി കൂട്ടിച്ചേർക്കലുകൾ മെയിന്റനൻസിനായി താൽക്കാലികമായി നിർമ്മിച്ചവയാണെന്നും കെട്ടിടനിർമ്മാണചട്ടങ്ങൾ ലംഘിച്ചിട്ടില്ലായെന്നും ശ്രീ.ശശീന്ദ്രൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് സ്ഥലപരിശോധന നടത്തിയ എ.ഇ പ്രസ്തുത നിർമ്മാണത്തിൽ ചട്ട ലംഘനം നടന്നിട്ടുണ്ടെന്നും ലൊക്കേഷൻ സ്കെച്ച് പ്രകാരമല്ല പെർമിറ്റ്, കംപ്ലീഷൻ പ്ലാനുകൾ സമർപ്പിച്ചിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഇത് സംബന്ധിച്ച് തുടർ നടപടികൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.21) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത അനധികൃത നിർമ്മാണത്തിനെതിരെ നിയമപരമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 വെള്ളക്കരം- മുൻകുടിശ്ശിക നിലനിൽക്കുന്നത്-

ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തനക്ഷമമായ 238 ടാപ്പുകളാണ് ഉള്ളത്. ടാപ്പൊന്നിന് 437.8 രൂപ നിരക്കിൽ 1,04,125/- രൂപ 238 ടാപ്പുകൾക്കായി പ്രതിമാസം വാട്ടർ അതോറിട്ടിയിൽ അടച്ചു പോരുന്നു. 18-19 വർഷം 4/18 മുതൽ 11/18 വരെയുള്ള മാസങ്ങളിലെ വെള്ളക്കരമിനത്തിലെ 6,18,500/- രൂപ (104125*5+97875) 10/19 നമ്പർ പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുടർന്നുള്ള മാസങ്ങളിലെ വെള്ളക്കരം തനതുഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിട്ടിയുടെ ബില്ലിൽ മുൻകാലങ്ങളിലെ കുടിശ്ശികയായി മൂന്ന് ലക്ഷത്തോളം രൂപ നിലനിൽക്കുന്നു. ഈ തുക ഏത് കാലയളവിലേതെന്ന് വ്യക്തമാകാത്തതിനാൽ നാളിതുവരെ പഞ്ചായത്ത് അടവാക്കിയിട്ടില്ല. മാത്രമല്ല ഓരോ മാസവും ഫൈനുൾപ്പെടെ കുടിശ്ശിക തുക വർദ്ധിച്ചുവരികയും ചെയ്യുന്നു. 3/19 വരെ കുടിശ്ശിക 5,26,263/- രൂപയും ഫൈൻ 10324/- രൂപയുമുൾപ്പെടെ 5,36,587/- രൂപയാണ്. ഓരോ മാസവും ഫൈൻ കൂടി വരുന്നുവെന്നതിനാൽ ഇക്കാര്യത്തിൽ വാട്ടർ അതോറിട്ടിയുമായി ചർച്ച ചെയ്ത് അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-34 മരുന്ന് പൂർണമായി ലഭ്യമായില്ല

പിഎച്ച്സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പിഎച്ച്സി യ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി

(നം. 68/19) പ്രകാരം ഒരു ലക്ഷം രൂപ ( CB.No.9/18-19/19-12-18) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിലേയ്ക്ക് മുൻകൂറായി അടച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും 17,741/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 82,259/- രൂപയുടെ മരുന്ന് എത്രയും വേഗം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-35 കാലിത്തീറ്റ സബ്സിഡി- ഗുണ വിഹിതം ചെലവ് കണക്കുകളിൽ ഉൾപ്പെടാത്തത്

| ഫണ്ട് | തുക | ബിൽ നം/ചെക്ക് നം. |
|---|---|---|
| വികസനഫണ്ട് | 42000 | P2/18-19/23-10-18 |
| | 42000 | P3/18-19/15-11-18 |
| | 42000 | P5/18-19/15-12-18 |
| | 42000 | P9/18-19/11-01-19 |
| ഗുണഭോക്തൃ വിഹിതം | 42840 | Ch. No. 109137/22-10-18 |
| | 42840 | Ch. No. 109145/16-11-18 |
| | 42840 | Ch. No. 109151/17-12-18 |
| | 42840 | Ch. No. 665898/22-01-19 |
| ആകെ | 339360 | |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കാലിത്തീറ്റ സബ്സിഡി പദ്ധതി ( 122/19 )യിൽ പ്പെടുത്തി വികസനഫണ്ടിൽ നിന്നും Rs.168000/- ചെലവഴിച്ച് 168 ഗുണഭോക്താക്കൾക്ക് ഒരാൾക്ക് 2 ചാക്ക് വീതം ആകെ 336 ചാക്ക് കാലിത്തീറ്റ കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആവോലി ക്ഷീരസംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്തത്. പദ്ധതിയിൽ ഗുണഭോക്തൃവിഹിതം 50% ഉൾപ്പെടുത്തി ആകെ 171360/- രൂപ ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടുണ്ടെങ്കിലും 18-19 വർഷത്തെ ചെലവുപത്രികയിൽ പദ്ധതിവിഹിതം ചെലവ് മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. കൂടാതെ ചാക്കൊന്നിന് 30/- രൂപ നിരക്കിൽ 336 ചാക്കിന് 10,080/- രൂപ ഫീഡ് കമ്മീഷൻ ഇനത്തിൽ കേരള ഫീഡ്സിൽ നിന്നും തിരികെ ഈടാക്കി ആവോലി ക്ഷീരസംഘത്തിലെ സെക്രട്ടറിയുടെയും, പ്രസിഡന്റിന്റെയും ജോയിന്റ് അക്കൗണ്ടിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. ഈ തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകിയെങ്കിൽ ആയതിന്റെ വിശദാംശങ്ങളും, അല്ലാത്ത പക്ഷം എപ്രകാരം ചെലവഴിച്ചുവെന്നതും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആകെ ചെലവ് തുക Rs.3,39,360/- തടസ്സപ്പെടുത്തുന്നു.

# 1-36 വിനിയോഗ വിവരം ഇല്ല- ചെലവ് തടസ്സം തുക 311092/-

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ ചുവടെ കൊടുത്തിരിക്കുന്ന പദ്ധതികൾ വിനിയോഗവിവരം ലഭ്യമായിട്ടില്ല. ടി പദ്ധതികൾ പൂർത്തിയാക്കി

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ആകെ ചെലവ് തുക 311092/- തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം/ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ബിൽ/വൗച്ചർ നം. |
|---|---|---|---|---|
| 24/19 24 ാം നം.അംഗൻവാടി വൈദ്യുതീകരണം | സെക്രട്ടറി | കെഎസ്ഇബി, മഞ്ഞള്ളൂർ | 29842 | 23500- ബിൽ നം.18/ 3-10-18 6342-ചെക്ക് നം.109138/ 23-10-18 |
| 109/19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | വെറ്ററിനറി സർജൻ | പ്രോജക്ട് ഓഫീസർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം | 281250 | 275750- ബിൽനം.പി1/ 18-19/23-10-18 5500- ചെക്ക് നം. 2650311/ 22-10-18 |
| ആകെ | | | 311092 | |

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വ്യക്തമായ വരവ് നഷ്ടം

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 വ്യക്തമായ ചെലവ് നഷ്ടം

ഇല്ല

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 10.06.2019 മുതൽ 11.06.2019 വരെ | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1227(52)/2019 /14.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 136200 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്.0139/19) | 136200 | 0 |
| | | 187000 | സമഗ്ര നെൽക്കൃഷി വികസനം (എസ്.0141/19) | 187000 | 0 |
| | | 309352 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0006/19) | 309352 | 0 |
| | | 6750000 | ലൈഫ് ഭവനപദ്ധതി (ജനറൽ) (എസ്.0094/19) | 6740000 | 10000 |
| **ആകെ** | | **7382552** | | **7372552** | **10000** |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്.0139/19) | 200000 | 0 |
| | | 450000 | ലൈഫ് ഭവനപദ്ധതി (ജനറൽ) (എസ്.0094/19) | 450000 | 0 |
| | | 72997 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0006/19) | 62997 | 10000 |
| | | 100000 | സാന്ത്വന പരിചരണം (എസ്.0095/19) | 74496 | 25504 |
| | | 253000 | ലൈഫ് ഭവനപദ്ധതി (എസ്.സി.) (എസ്.0098/19) | 100000 | 153000 |

| | | | | |
|---|---|---|---|---|
| ആകെ | 1075997 | | 887493 | 188504 |

<u>ജില്ലാ പഞ്ചായത്ത് വിഹിതം</u>

ബി.4 ഷെഡ്യൂളിൽ 320700305 എന്ന ശീർഷകത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 400000/- രൂപ നീക്കിയിരിപ്പുള്ളത് 2011-12 വർഷത്തിൽ അങ്കണവാടി നിർമ്മാണം എന്ന പ്രോജക്ടിന് (എസ്.118/12) ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയാണ്.

<u>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</u>

02.11.2016 ൽ ലഭിച്ച 200000/- രൂപ ഉൾപ്പെടെ 388504/- രൂപയാണ് നീക്കിയിരിപ്പായി ബി.4 ഷെഡ്യൂളിൽ ഉണ്ടാകേണ്ടത്. എന്നാൽ ബ്ലോക്ക് വിഹിതം ഹെഡിൽ നിന്നും 42500/- രൂപ തെറ്റായി കുറവ് ചെയ്ത് പച്ചക്കറികൃഷി വികസന പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. ഈ തുക യഥാർത്ഥത്തിൽ പാടി ഇൻസെന്റീവായി ലഭിച്ച തുകയായിരുന്നു. ഈ തെറ്റ് 2019-2020 ബാലൻസ് ഷീറ്റിൽ ക്രമപ്പെടുത്തി മുന്നിരുപ്പ് 388504/- രൂപയായി രേഖപ്പെടുത്തേണ്ടതാണ്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 20885021/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(കൈ) 34/18 / 16.03.2018 | 2,08,85,021/- | 0 | 0 | 0 | 2,08,85,021/- |

# 4-6 സ്ഥിര നിക്ഷേപം

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9200/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-1 | 500 | ആവോലി ക്ഷീരോത്പാദക സഹകരണ സംഘം | 118010101795 /10.08.18 |
| 2017-18 | 2-2 | 2700<br>2700 | രാഹുൽ ഗ്രാനൈറ്റ് | 118010105389 /30.3.19<br>118010105390 /30.3.19 |
| 2017-18 | 2-2 | 1650<br>1650 | ലോട്ടസ് ഡയഗ്നോസ്റ്റിക് സെന്റർ | 118010104271 / 5.2.19<br>118010104272 /5.2.19 |
| ആകെ | | 9200 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)<u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

(ബി)<u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 85422645.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81628032.00 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1231511 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |
| ആകെ | | | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 46137 | ശ്രീമതി.സുനിത.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 105000 | ശ്രീമതി.ശ്രീല ഗോവിന്ദ്, കൃഷി ഓഫീസർ |
| 1-20 | 3122 | ശ്രീമതി.ശ്രീല ഗോവിന്ദ്, കൃഷി ഓഫീസർ |
| 1-21 | 42500 | ശ്രീമതി.ശ്രീല ഗോവിന്ദ്, കൃഷി ഓഫീസർ |
| 1-29 | 384300 | ശ്രീമതി.ഷൈബ ഗോപാൽ, സെക്രട്ടറി |
| 1-35 | 339360 | ശ്രീ.വിക്ടോ ജൂബിൻ വർഗ്ഗീസ്, വെറ്റിനറി സർജൻ |
| 1-36 | 29842<br>281250 | ശ്രീമതി.ഷൈബ ഗോപാൽ, സെക്രട്ടറി<br>ശ്രീ.വിക്ടോ ജൂബിൻ വർഗ്ഗീസ്, വെറ്റിനറി സർജൻ |
| ആകെ | 1231511 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-18 | 2600 |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
| ശ്രീമതി.സുനിത.എസ്.അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ആവോലി ഗ്രാമപഞ്ചായത്ത് | സൗമ്യ (H) LBSRA -70 തിരുവാങ്കുളം, 682305, എറണാകുളം |
| ശ്രീമതി.ശ്രീല ഗോവിന്ദ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ആവോലി | കാരിക്കൽ സൗത്ത് ഐരാപുരം. പി.ഒ. |
| ശ്രീമതി.ഷൈബ ഗോപാൽ, സെക്രട്ടറി | സെക്രട്ടറി, ആവോലി | |
| ശ്രീ.വിക്ടോജ്ജുബിൻ വർഗ്ഗീസ്, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ ആവോലി | കദളിക്കാട്ടിൽ സൗത്ത് മാറാടി.പി.ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1972-73 | എൽ.എഫ്.ഇ.(പി.4)258/86/ 13-01-1987 | |
| 1982-83 | എൽ.എഫ്.ഇ. (പി.4)1534/8624-04-1987 | |
| 1983-84 | എൽ.എഫ്.ഇ.(പി.4)2383/87/ 10-02-1988 | |
| 1984-85 | എൽ.എഫ്.ഇ.(പി.4)126/88/ 13-05-1988 | |
| 1985-86 | എൽ.എഫ്.ഇ.(പി.4)346/89 / 21-08-1989 | |
| 1986-87 | എൽ.എഫ്.ഇ.(പി.4)609/91/ 6-06-1991 | |
| 1987-88 | എൽ.എഫ്.ഇ.(പി.4)1122/91/ 17-01- | |

| | | |
|---|---|---|
| | 1992 | |
| 1988-89, 1989-90 | എൽ.എഫ്.ഇ.(പി.4)258/86 / 13-01-1993 | |
| 1990-91, 1991-92 | എൽ.എഫ്.ഇ.(പി.4)434/93 / 31-10-1995 | |
| 1992-93 | എൽ.എഫ്.ഇ.(പി.3)445/96 / 19-07-1996 | |
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.5)1150/97/ 19-04-1999 | |
| 1997-98, 1998-99 | എൽ.എഫ്.ഇ.(പി.5)1059/02 / 2-12-2002 | |
| 1999-00 പ്ലാൻ | എൽ.എഫ്.ഇ.(പി.5)183/05 / 17-08-2005 | |
| 1996-97 വരവ് | എൽ.എഫ്.ഇ.(പി.5)1213/7/ 12-02-2008 | |
| 1997-98 | എൽ.എഫ്.ഇ.(പി.5)1214/07/ 12-02-2008 | |
| 1998-99 | എൽ.എഫ്.ഇ.(പി.5)1215/07/ 12-02-2008 | |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (1) /2018/10.719 | 1 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (4) /2018/10.719 | 3 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (5) /2018/10.719 | 8 |
| 2005-06, 2006-07, 2007-08, 2008-09 | എൽ.എഫ്.ഇ.(പി.5)180/09 / 14-05-2010 | |
| 2009-10, 2010-11, 2011-12 | എൽ.എഫ്.ഇ.(പി.8)689/13 / 25-11-2013 | |
| 2012-13, 2013-14 | എൽ.എഫ്.ഇ.(പി.8)1791/14/ 15-12-2014 | |
| 2014-15 | എൽ.എഫ്.ഇ.(പി.8)1193/16/ 19-07-2016 | |
| 2015-16 | കെ എസ് എ (ഇ.കെ.എം)പി.8)1905/16/ 28-11-2016 | |
| 2016-17 | കെ എസ് എ(ഇ.കെ.എം)പി.8) 2181/17/ 29-11-2017 | |
| 2017-18 | കെ എസ് എ (ഇ.കെ.എം)പി.8) | 16 |

| | | | |
|---|---|---|---|
| | 1170/19/ 02.08.2019 | | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

# അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **ആവോലി ഗ്രാമപഞ്ചായത്തിന്റെ** 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ആവോലി ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

## ന്യൂനതകളുടെ സംഗ്രഹം

1. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ എല്ലാ ഇനങ്ങളും ഇ.എം.ഡി. എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഓരോ ഇനങ്ങളിലെയും മുന്നിരുപ്പ്, വരവ്, റീഫണ്ട്, നീക്കിയിരുപ്പ് എന്നിവയുടെ കൃത്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.

2. ജീവനക്കാരുടെ തൊഴിൽ നികുതി – രജിസ്റ്റർ പ്രകാരവും എ.എഫ്.എസ്.പ്രകാരവുമുള്ള തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

3. വസ്തു നികുതി സംബന്ധിച്ച് വാർഷിക ധനകാര്യപത്രികയിലെയും സഞ്ചയ പ്രതികാരവുമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുത്തുന്നതിനായി ഡിമാന്റിൽ വരുത്തിയ വ്യത്യാസങ്ങൾക്ക് കമ്മറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

4. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Avoly Grama Panchayat** for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of **Avoly Grama Panchayat** for the year 2018-19, subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

## Abstract of Defects / Discripancies

1. Deposit register was not properly prepared and submitted for verification. In the deposit register all the deposit items were included in the head of account EMD. Hence the correctness of the various deposit items cannot be verified.

2. The amount shown in the AFS in the head Profession Tax Employees did not talley with the figures in demand register.

3. In order to tally with the figures in Property Tax with that of the Sanchaya Software several adjustment entries were made in the Demand without proper Panchayat Committee resolution.

4. Assets including Land has not been fully accounted and included in the asset register and reconciled with the Annual Financial Statement.

**DEPUTY DIRECTOR**